(സി) പ്രവാസി മലയാളികളുടെ സമഗ്ര ക്ഷേമത്തിന് ഇനി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവാസി മലയാളികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഉണ്ട്. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതി പ്രകാരം നോർക്കയും കാനറ ബാങ്കും, സൗത്ത് ഇന്ത്യൻ ബാങ്കും, യൂണിയൻ ബാങ്കുമായി കരാർ ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായി പദ്ധതിയുടെ പ്രായോഗികത വിലയിരുത്തിയാണ് ലോൺ തുക ബാങ്ക് അനുവദിക്കുന്നത്. ബാങ്കിൽനിന്നും ലോൺ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കാണ് 15% മൂലധന സബ്സിഡിയും (ബാക് എൻഡ്), ആദ്യത്തെ നാലുവർഷം 3% പലിശ സബ്സിഡിയും സർക്കാർ നൽകുന്നത്. 2015 മാർച്ച് 31-ന് ബാങ്കുകളുമായിട്ടുള്ള ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ച 2015 നവംബർ മാസം ബാങ്കുമായിട്ടുള്ള ധാരണാപത്രം പുതുക്കിയതിനെ തുടർന്ന് തീർപ്പാക്കാത്ത അപേക്ഷകൾ ബാങ്കിലേയ്ക്ക് വീണ്ടും അയച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ 2016 ജനുവരി 1 മുതൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നുണ്ട്. എസ്.ബി.ടി. ഉൾപ്പെടെ കൂടുതൽ ബാങ്കുകളെ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് ചർച്ചകൾ നടന്നുവരുന്നു. അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രവാസി എഡ്യൂക്കേഷൻ സെൽ, പ്രവാസി മലയാളികളുടെ പ്രവൃത്തി പരിചയം കണക്കിലെടുത്ത് സ്കിൽ ടെസ്റ്റിംഗ് നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി തുടങ്ങിയ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

പ്രവാസി മലയാളിക്ഷേമ പദ്ധതി

96 (1470) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്, വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പാക്കിയതും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രവാസികളുടെ സ്വത്ത് വിവരങ്ങൾ പരിഹരിക്കുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷൻ.

2. പ്രവാസികൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നോർക്ക-റൂട്ട്സുമായി ബന്ധപ്പെടുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്റർ.

3. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കായി എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്.

4. തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം കണ്ടെത്തുന്നതിലേയ്ക്കായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

5. സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC).

6. തങ്ങളുടെതല്ലാത്ത കുറ്റങ്ങൾക്കും, ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്നവർക്കും, നിരപരാധികളായി ജയിലിൽ കഴിയുന്ന പ്രവാസികൾക്കും വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിന് പ്രവാസി ലീഗൽ അസിസ്റ്റൻസ്.

7. തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിനുള്ള സ്വപ്ന സാഫല്യം പദ്ധതി.

8. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നോർക്ക-റൂട്ട്സ് ഓഫീസുകൾ.

9. കെ.എസ്.എഫ്.ഇ. മുഖേനയുള്ള പ്രവാസി നിക്ഷേപ നിധി രൂപീകരണം.

LIBRARY ARCHIVES Kerala Legislative Assembly

10. പ്രവാസി ക്ഷേമ ബോർഡിന്റെ ആനുകൂല്യ പദ്ധതികളിൽ വിവാഹ ധനസഹായം 5,000 രൂപയിൽനിന്നും 10,000 രൂപയാക്കി വർദ്ധിപ്പിക്കൽ, പ്രവാസി ക്ഷേമനിധിയിൽ അംഗത്വ പ്രായപരിധി 55-ൽ നിന്നും 60 ആക്കി ഉയർത്തൽ, കുടുംബ പെൻഷന് വേണ്ടി ഏർപ്പെടുത്തിയിരുന്ന 1 ലക്ഷം രൂപയുടെ വരുമാന പരിധി ഭേദഗതി ചെയ്തുകൊണ്ട് പ്രവാസി ക്ഷേമനിധിയിലെ പെൻഷനർ മരണമടയുന്നപക്ഷം വരുമാന പരിധി കൂടാതെ നോമിനിയ്ക്ക് കുടുംബ പെൻഷൻ ലഭ്യമാക്കുവാൻ നടപടി.

(ബി) പ്രവാസികൾക്കായി കെ.എസ്.എഫ്.ഇ. മുഖേന നിക്ഷേപ നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ഇതൊഴിച്ച് പ്രഖ്യാപിച്ച മറ്റു പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

നോർക്ക സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റുകൾ

97 (1471) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ തൊഴിലിനായി നോർക്ക എതെല്ലാം സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്;

(ബി) നോർക്ക സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളും പ്രമാണങ്ങളും സംസ്ഥാന ആഭ്യന്തര വകുപ്പും സാക്ഷ്യപ്പെടുത്തേണ്ടതുണ്ടോ;

(സി) നോർക്കയുടെ എല്ലാ ജില്ലാ ഓഫീസുകളിലും സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) വിദേശ തൊഴിലിനായി നോർക്ക-റൂട്ട്സ് മുഖേന സർക്കാർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ഇല്ല. ചില വിദേശ രാജ്യങ്ങളിൽ പോകേണ്ടവർക്ക് ആഭ്യന്തര വകുപ്പ് തനതായി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി നല്കേണ്ടതുണ്ട്.

(സി) മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിൽ ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകൾ ഒഴികെയുള്ള നോർക്കയുടെ എല്ലാ ജില്ലാ ഓഫീസുകളിലും സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly